**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4744** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്ര കോടി രൂപയാണ്; പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ലഭിക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്ന് കരാറുകാർ പിന്മാറുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് കെട്ടിട വിഭാഗത്തിനു കീഴിൽ 31/07/2021 വരെ 417.23 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ 1532.71 കോടി രൂപയുമായാണ് കുടിശ്ശികയായി നൽകുവാനുള്ളത്. പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ലഭിക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് കരാറുകാർ പിന്മാറുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയപാത വിഭാഗത്തിനു കീഴിൽ കരാറുകാർക്ക് കുടിശ്ശിക ഒന്നും തന്നെ നൽകുവാനില്ല. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശികയിൽ എത്ര തുക നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നടപ്പ് സാമ്പത്തികവർഷം കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയിൽ കെട്ടിട വിഭാഗത്തിൽ നിന്നും 333.96 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും 1017.84 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ